സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്, പത്തനംതിട്ട

E-Mail ID-ddydcopta@gmail.com

R.O.C. No:- 458/24/ലേലം തീയതി:-05.03.2025

## ആവർത്തന ലേല പരസ്യം

ദേവസ്വം കമ്മീഷണർ ആഫീസിലെ 13.02.2025-ലെ ആർ.ഒ.സി 10638/24/MII നമ്പർ ഉത്തരവ് പ്രകാരം തിരുവല്ല ഗ്രൂപ്പിൽപ്പെട്ട തൃക്കുരട്ടി ക്ഷേത്രത്തിനു സമീപമുള്ള പമ്പ പരുമല കോളേജ് വക പഴയ വിമൻസ് ഹോസ്റ്റലായി പ്രവർത്തിച്ചിരുന്ന 614.34$M^2$ വിസ്തീർണ്ണമുള്ളതും 36 മുറികളോടു കൂടിയതുമായ ഇരു നില കെട്ടിടവും കെട്ടിട ഇരുപ്പു വസ്തുവും പ്രതിമാസ വാടകയ്ക്ക് ഏറ്റെടുത്ത് നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നതിന് പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നും പരസ്യം ചെയ്യുന്നത്

ടി കെട്ടിടം സംബന്ധിച്ച ലേലം/ടെൻഡർ 18.03.2025-ൽ രാവിലെ 11 തിരുവല്ല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ വെച്ച് പരസ്യമായി ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു. ലേലം/ടെൻഡറിൽ പങ്കെടുക്കണമെന്നുള്ളവർ ലേല സമയത്ത് ടി സ്ഥലത്ത് ഹാജരായി 1,00,000/-(ഒരു ലക്ഷം) രൂപാ നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്. ലേലം സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.travancoredevaswomboard.org എന്ന സൈറ്റിൽ നിന്നോ പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നോ, തിരുവല്ല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നോ, തൃക്കുരട്ടി സബ് ഗ്രൂപ്പ് ആഫീസിൽ നിന്നോ ആഫീസ് പ്രവർത്തി സമയങ്ങളിൽ നേരിട്ട് അറിയാൻ സാധിക്കുന്നതാണ്. ലേലത്തിൽ ഏറ്റവും കൂടുതതൽ തുകയ്ക്ക് വിളി കേൾക്കുന്ന ആളിന്റെ പേരിൽ ലേലം അവസാനിപ്പിക്കുന്നതും തുടർന്ന് ടെൻഡർ ഹാജരാക്കിയിട്ടുള്ള പക്ഷം ആയത് തുറന്ന് പരിശോധിക്കുന്നതുമാണ്. ലേല തുകയോ ടെൻഡർ തുകയോ ഏതാണോ കൂടുതൽ ടി ആളിന്റെ പേരിൽ ലേലം അവസാനിപ്പിക്കുന്നതും ലേലക്കാരൻ/ടെൻഡറുകാരൻ ഒഴികെയുള്ള മറ്റ് എല്ലാവരുടേയും നിരതദ്രവ്യം അപ്പോൾ തന്നെ തിരികെ നൽകുന്നതുമാണ്.

ലേലക്കാരൻ/ടെൻഡറുകാരൻ ലേലത്തുകയും ആയതിന്റെ 18%GST ഉൾപ്പെടെ അപ്പോൾ തന്നെ കെട്ടി വെയ്ക്കേണ്ടതുമാണ്. അപ്രകാരം ചെയ്യാതെ വീഴ്ച വരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടുന്നതുംആവർത്തന ലേലം നടത്തുന്നതുമാണ്. ആവർത്തന ലേലത്തിൽ ഡിപ്പാർട്ട്മെന്റിന് ഏതെങ്കിലും നഷ്ടം സംഭവിക്കുന്നതാകയാൽ ആയത് ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. ലേലം അംഗീകരിച്ചു വരുന്ന മുറയ്ക്ക് 5,00,000/-(അഞ്ച് ലക്ഷം)-രൂപ സെക്യൂരിറ്റി നിക്ഷേപം അടച്ച് എഗ്രിമെന്റ് വെയ്ക്കേണ്ടതും തുടർന്ന് എല്ലാ മാസവും ഒന്നാം തീയതി മുൻകൂറായി പ്രതിമാസ വാടക ഇനത്തിൽ ലേലത്തുകയും 18% GST -യും ഒടുക്കു വരുത്തേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനും ഡിപ്പാർട്ട്മെന്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

മറുപുറം.

| ലേലം സംബന്ധിച്ച വിവരങ്ങൾ | | | |
|---|---|---|---|
| ഇനം | അടിസ്ഥാന ലേലത്തുക | നിരതദ്രവ്യം | സെക്യൂരിറ്റി നിക്ഷേപം. |
| തൃക്കുരട്ടി ദേവസ്വം വക മാന്നാർ വില്ലേജിൽ 23/17, 23/16 എന്നീ സർവ്വേ നമ്പരിൽ ഉൾപ്പെട്ട വസ്തുവും ആയതിൽ ഇരുപ്പ് 614.34$M^2$ വിസ്തീർണ്ണമുള്ളതും 36 മുറികളോടു കൂടിയ ഇരുനില കെട്ടിടം. | 54,000/- | 1,00,000/- | 5,00,000/- |

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
പത്തനംതിട്ട

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

പത്തനംതിട്ട ദേവസ്വം ജില്ലയിൽ തിരുവല്ല ഗ്രൂപ്പിൽ തൃക്കുരട്ടി മഹാദേവക്ഷേത്രം വക ചെങ്ങന്നൂർ താലൂക്കിൽ മാന്നാർ വില്ലേജിൽ കുരട്ടിക്കാട് മുറിയിൽ സർവ്വേ 23/17, 23/16 എന്നീ നമ്പരുകളിൽ ഉൾപ്പെട്ട വസ്തുവിൽ സ്ഥിതി ചെയ്യുന്നതും മാന്നാർ പഞ്ചായത്തിൽ കരം തീർത്ത് വരുന്ന കെട്ടിടം നമ്പർ 52, 53 പരസ്യ ലേലത്തിലൂടെ വാടകയ്ക്ക് ഉപയോഗിക്കുന്നതിന് നൽകുന്നതിലേക്ക് തയ്യാറാക്കിയ ലേല പരസ്യം.

DC's ROC No 10638/24/M II Dtd. 13/11/2024.

## നിബന്ധനകൾ

1. തിരുവല്ല ഗ്രൂപ്പിൽ തൃക്കുരട്ടി സബ് ഗ്രൂപ്പിൽപ്പെട്ട തൃക്കുരട്ടി ദേവസ്വം വക ചെങ്ങന്നൂർ താലൂക്കിൽ മാന്നാർ വില്ലേജിൽ ബ്ലോക്ക് നമ്പർ 2-ൽ സർവ്വേ നമ്പർ 23/17, 23/16 എന്നീ വസ്തുവിൽ സ്ഥിതി ചെയ്യുന്നതും മുമ്പ് പമ്പ കോളേജിന്റെ വിമൻസ് ഹോസ്റ്റലായി പ്രവർത്തിച്ചിരുന്ന 614.34 $M^2$ വിസ്തീർണ്ണമുള്ളതും 36 മുറികളോടു കൂടിയതുമായ ഇരുനില കെട്ടിടവും കെട്ടിടമിരുപ്പ് വസ്തുവും പ്രതിമാസ വാടകയ്ക്ക് ഏറ്റെടുത്ത് നടത്തുന്നതിനുള്ള അവകാശം പരസ്യ ലേലത്തിലൂടെ അനുവദിക്കുന്നതാണ്. അടിസ്ഥാന ലേല തുക ഇതോടൊപ്പം ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റിൽ വിവരിച്ചിട്ടുള്ളതും ക്വോട്ട് ചെയ്യുന്ന തുക മിനിമം ക്വോട്ട് ചെയ്യേണ്ട തുകയേക്കാൾ കുറവാണെങ്കിൽ ടെൻഡർ നിരാകരിക്കുന്നതും ടെൻഡറിനോടൊപ്പം ഹാജരാക്കിയിട്ടുള്ള നിരതദ്രവ്യം ദേവസ്വം ബോർഡിലേക്ക് മുതൽ കൂട്ടുന്നതുമായിരിക്കും. ലേലത്തിൽ പങ്കെടുക്കേണ്ടവർ/ടെൻഡർ ഹാജരാക്കുന്നവർ നിരതദ്രവ്യമായി 1,00,000/-രൂപാ ഹാജരാക്കേണ്ടതാണ്. ലേലം സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.travancoredevaswomboard.org എന്ന സൈറ്റിൽ നിന്നോ പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നോ, തിരുവല്ല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നോ, തൃക്കുരട്ടി സബ് ഗ്രൂപ്പ് ആഫീസിൽ നിന്നോ ആഫീസിലെ പ്രവർത്തി സമയങ്ങളിൽ നേരിട്ട് അറിയുവാൻ സാധിക്കുന്നതാണ്.
2. ലൈസൻസ് ഏറ്റെടുത്ത് നടത്തുവാൻ ആഗ്രഹിക്കുന്ന ആൾ ടി ലേലവുമായി ബന്ധപ്പെട്ട കെട്ടിടം, സ്ഥലം എന്നിവ നേരിട്ട് ബോധ്യപ്പെട്ടതിന് ശേഷം ലേലത്തിൽ പങ്കെടുക്കേണ്ടതാണ്.
3. ലേലത്തിൽ പങ്കെടുക്കുന്നവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ, തന്നാണ്ട് കരം അടച്ച രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട ആഫീസിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ്, 2023-24 സാമ്പത്തിക വർഷത്തെ ഐ.ടി ഒടുക്ക് വരുത്തിയ വിവരങ്ങൾ എന്നിവ നിരതദ്രവ്യത്തോടൊപ്പം ഹാജരാക്കേണ്ടതാണ്.

4. നിരതദ്രവ്യം ഹാജരാക്കാത്തവരെയും സാധാരണ വ്യവസ്ഥകൾ അനുസരിച്ച് ടെൻഡറിൽ പങ്കെടുക്കുവാൻ യോഗ്യത ഇല്ലാത്തവരെയും ദേവസ്വം ബോർഡിൽ നിന്നും ബ്ലാക്ക് ലിസ്റ്റ് ചെയ്തവരെയും ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. മേൽ പറഞ്ഞ യോഗ്യതകൾ എന്തുതന്നെ ഉണ്ടായിരുന്നാലും ടെൻഡറിൽ ഏതെങ്കിലും വ്യക്തിയെ ചേർക്കുകയോ ചേർക്കാതിരിക്കുകയോ ചെയ്യുന്നതിന് ടെൻഡർ നടപടി നടത്തുന്ന ഉദ്യോഗസ്ഥന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
5. ലേലം കഴിയുന്ന മുറയ്ക്ക് ലേലം ഏറ്റെടുക്കുന്ന വ്യക്തിയുടെ ഒഴികെ മറ്റ് എല്ലാവരുടെയും നിരതദ്രവ്യം ലേല ഹാളിൽ തന്നെ തിരികെ നൽകുന്നതാണ്.
6. ലേലം സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഏതെങ്കിലും തരത്തിലുള്ള നികുതി കൊടുക്കേണ്ടതായി വരുന്ന പക്ഷം ആയത് ലേലക്കാരൻ ഒടുക്ക് വരുത്തുവാൻ ബാധ്യസ്ഥനാണ്.
7. ലേല തുക (ലൈസൻസ് ഫീ ആയി നിശ്ചയിക്കുന്ന തുക) എല്ലാ മാസവും ഒന്നാം തീയതി തന്നെ കൃത്യമായി മാന്നാർ തൃക്കുരട്ടി ദേവസ്വം ആഫീസിൽ ഹാജരാക്കി രസീത് വാങ്ങേണ്ടതാണ്.
8. കെട്ടിടം നിലവിലുള്ള സ്ഥിതിയിൽ ഉപയോഗിക്കുന്നതിനും മേലിൽ നിർദ്ദിഷ്ട കെട്ടിടത്തിന് വ്യതിയാനങ്ങൾ വരുത്തുവാൻ പാടില്ലാത്തതും ഏതെങ്കിലും തരത്തിൽ വ്യതിയാനങ്ങൾ വരുത്തേണ്ട പക്ഷം ദേവസ്വം ഡിപ്പാർട്ട്മെന്റ് മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതുമാണ്.
9. കുത്തക ഏറ്റെടുക്കുന്ന ആൾ നിശ്ചയിച്ചിട്ടുള്ള തുക മൂന്ന് പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ ഒടുക്ക് വരുത്തേണ്ടതും ഒടുക്ക് വരുത്തുന്ന തുക ലേലക്കാരന്റെ സ്വന്തം പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും RTGS/NEFT എന്ന വിധത്തിലുള്ള അക്കൗണ്ട് ട്രാൻസ്ഫർ വഴി ഒടുക്ക് വരുത്തേണ്ടതും ഇതിന് വിരുദ്ധമായി മറ്റാരുടെയെങ്കിലും അക്കൗണ്ട് വഴി ട്രാൻസ്ഫർ ചെയ്യുന്ന പക്ഷം കുത്തകക്കാരൻ സത്യവാങ്മൂലം ആയതിന് ഹാജരാക്കേണ്ടതാണ്.

**<u>തുക ഒടുക്ക് വരുത്തേണ്ടത് സംബന്ധിച്ചുള്ള വിവരങ്ങൾ</u>**

| | |
|---|---|
| **ധനലക്ഷ്മി ബാങ്ക്** | **- തിരുവല്ല ബ്രാഞ്ച്.** |
| **IFS Code** | **- DLXB0000113** |
| **A/c No.** | **- 011300100000200** |
| ഓപ്പൺ ടെൻഡർ | - |
| ടെൻഡർ സ്വീകരിക്കുന്ന തീയതി, സമയം:- | - 18/03/2025 പകൽ 11 മണി മുതൽ 12 വരെയും തുടർന്ന് പരസ്യ ലേലം ഉണ്ടായിരിക്കുന്നതാണ്. |
| സ്ഥലം:- | - അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, തിരുവല്ല. |

10. ലേലം ഏറ്റെടുത്ത ശേഷം ഏതെങ്കിലും സാഹചര്യത്തിൽ ലേലക്കാരൻ പിൻമാറിയാൽ ടിയാനെ ഡിഫോൾട്ടറായി പ്രഖ്യാപിക്കുകയും നിരതദ്രവ്യമായി ഒടുക്ക് വരുത്തിയ തുക പ്രയശ്ചിത്തമായി മുതൽക്കൂട്ടുന്നതും കരാർ റദ്ദ് ചെയ്ത് ആവർത്തന ലേലം നടത്തുന്നതും ലേലത്തിൽ ലാഭം ഉണ്ടായാൽ ആദ്യ ലേലക്കാരന് അവകാശപ്പെടാൻ അർഹതയില്ലാത്തതും, നഷ്ടം സംഭവിച്ചാൽ ആദ്യ ലേലക്കാരൻ ഉത്തരവാദി ആയിരിക്കുന്നതും ഉണ്ടാകുന്ന നഷ്ടം ഈടാക്കാനുള്ള നിയമ നടപടി ആദ്യ ലേലക്കാരന്റെ പേരിൽ സ്വീകരിക്കുന്നതുമായിരിക്കും.
11. കരാർ കൈമാറ്റം ചെയ്യുന്നതിനോ കീഴ് വാടകയ്ക്ക് കൊടുക്കുന്നതിനും മറ്റ് കക്ഷികളെ കൂട്ടു കക്ഷികൾ ആക്കുന്നതിനോ അനുവദിക്കുന്നതല്ല.
12. കുത്തക ഏറ്റെടുക്കുന്ന ആൾ കുത്തകയുടെ പ്രവർത്തനത്തിന് ആവശ്യമായ വൈദ്യുതി, വെള്ളം എന്നിവ സ്വന്തം ചിലവിലും ചുമതലയിലും എടുക്കേണ്ടതാണ്. നിലവിൽ ഇല്ലാത്തതിനും ഉള്ളതിൽ അധികമായി വേണ്ടി വരുന്നതും ഉൾപ്പെടെ.
13. കരാറുകാരൻ സമയാസമയങ്ങളിൽ ദേവസ്വം പൊതുജനാരോഗ്യം, പൊതു ഭരണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ എന്നിവ കർശനമായി പാലിച്ചിരിക്കേണ്ടതും ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് മൂലമുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്.
14. കരാർ കാലയളവിൽ കുത്തകക്കാരന് ഉപയോഗത്തിനായി നൽകുന്ന കെട്ടിടത്തിനും വസ്തു വകകൾക്കും ഏതെങ്കിലും തരത്തിലുള്ള നഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം സകല കഷ്ട നഷ്ടങ്ങൾക്കും ടി കരാറുകാരന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നടക്കം ഈടാക്കുന്നതിനും വേണ്ടി വന്നാൽ കരാർ റദ്ദ് ചെയ്ത് ലേലക്കാരന്റെ നഷ്ടോത്തരവാദിത്തത്തിൽ നിന്നും തുടർന്ന് നടത്തുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
15. ലേലക്കാരൻ ലേലക്കാലയളവിൽ ഡിപ്പാർട്ട്മെന്റ് അനുവാദമില്ലാതെ യാതൊരുവിധ പരസ്യങ്ങളും കെട്ടിടത്തിലും വസ്തുവിലും പ്രദർശിപ്പിക്കുവാൻ പാടില്ല.
16. ഉടമ്പടി കാലയളവ് പതിനൊന്ന് മാസമാണെങ്കിലും ഉടമ്പടി തുടരുവാൻ ഇരുകൂട്ടരും സംയുക്തമായി തീരുമാനിക്കുന്ന പക്ഷം വാടകയിലും നിക്ഷേപത്തിലും 10% വർദ്ധനവ് വരുത്തി ഉടമ്പടി തുടരുവാൻ അനുവദിക്കുന്നതാണ്.

ലൈസൻസ് കാലാവധി കഴിഞ്ഞിട്ടും കെട്ടിടം ഒഴിഞ്ഞു തരാതെ തുടരുന്ന പക്ഷം അപ്രകാരം തുടരുന്ന ഓരോ മാസത്തേയും വാടകയുടെ 25% കൂടുതൽ തുകയും ആയതിൽ 18% പലിശയും നൽകാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

17. കരാർ കാലയളവിന് ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാർ പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിനു ശേഷം മാത്രമേ സെക്യൂരിറ്റി ഒടുക്ക് വരുത്തിയിട്ടുള്ള തുക തിരികെ നൽകുകയുള്ളു എന്നും കെട്ടിടത്തിന് ഏതെങ്കിലും തരത്തിലുള്ള നഷ്ടം ഉണ്ടായിട്ടുള്ള പക്ഷം സെക്യൂരിറ്റി നിക്ഷേപം അപര്യാപ്തമാണെന്ന് കണ്ടാൽ ശേഷിക്കുന്ന തുക കരാറുകാരന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.
18. ലേലവുമായി ബന്ധപ്പെട്ടിട്ടുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട കോടതികൾ മുഖാന്തിരമായിരിക്കുന്നതുമാണ്.

| ലേലം സംബന്ധിച്ച വിവരങ്ങൾ | | | |
|---|---|---|---|
| ഇനം | അടിസ്ഥാന ലേലത്തുക | നിരതദ്രവ്യം | സെക്യൂരിറ്റി നിക്ഷേപം. |
| തൃക്കുരട്ടി ദേവസ്വം വക മാന്നാർ വില്ലേജിൽ 23/17, 23/16 എന്നീ സർവ്വേ നമ്പരിൽ ഉൾപ്പെട്ട വസ്തുവും ആയതിൽ ഇരുപ്പ് 614.34 $M^2$ വിസ്തീർണ്ണമുള്ളതും 36 മുറികളോടു കൂടിയ ഇരുനില കെട്ടിടം. | 54,000/- | 1,00,000/- | 5,00,000/- |

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
പത്തനംതിട്ട